# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ഒമ്പതാം ശമ്പള കമ്മീഷൻ ശുപാർശകളിന്മേലുള്ള അനോമലികൾ</u>

5390 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം ശമ്പള കമ്മീഷൻ ശുപാർശകളിന്മേലുള്ള എത്ര അനോമലികൾ ഇതുവരെ പരിഹരിച്ച് നല്കിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ:

(ബി) അനോമലി പരിഹരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണെന്നും അതിനായുള്ള മാർഗ്ഗ നിർദ്ദേശമെന്തെന്നും വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് ഇനിയും എത്ര പരാതികളിൽ തീരുമാനമാവാനുണ്ടെന്ന് വെളിപ്പെടുത്തുമോ; അവ എന്നത്തേക്ക് പരിഹരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുവരെ അനോമലി പരിഹരിച്ച് നല്കിയതു സംബന്ധിച്ച ഉത്തരവുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പത്താം ശമ്പളകമ്മീഷന്റെ പ്രവർത്തനം</u>

T.5391 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയോഗിച്ച പത്താം ശമ്പളകമ്മീഷൻ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) കമ്മീഷന്റെ ടേംസ് ആന്റ് റഫറൻസ് നിശ്ചയിച്ചു നൽകിയിട്ടുണ്ടോ;

(സി) എന്നത്തേയ്ക്ക് റിപ്പോർട്ട് നൽകാനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുളളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ശമ്പളക്കമ്മീഷന്റെ പ്രവർത്തനങ്ങൾ</u>

T.5392 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുവേണ്ടി ശമ്പളക്കമ്മീഷനെ നിയമിച്ച് ഉത്തരവായിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) കമ്മീഷന്റെ ഘടനയിൽ പരിഷ്കാരം വരുത്തണമെന്ന് പ്രമുഖ സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുമോ;

(എഫ്) കമ്മീഷന് റിപ്പോർട്ട് നൽകുന്നതിനായി എത്ര സമയമാണ് സർക്കാർ അനുവദിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ജീവനക്കാരുടെ ലീവ് ട്രാവൽ കൺസെഷൻ</u>

5393 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്കു അനുവദിച്ച ലീവ് ട്രാവൽ കൺസെഷൻ പദ്ധതി (എൽ. ടി. സി.) എത്ര ജിവനക്കാർ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എൽ. ടി. സി. ആവശ്യത്തിന് അഡ്വാൻസ് വാങ്ങി എത്ര ജീവനക്കാർ തിരിച്ചടവാക്കിയെന്നും, എത്രപേർ തുക വിനിയോഗിച്ച് ഫൈനൽ സെറ്റിൽമെന്റ് നടത്തിയെന്നും വിശദമാക്കാമോ;

(സി) എൽ. ടി. സി. അഡ്വാൻസ് തുക കൈപ്പറ്റി കാലാവധി കഴിഞ്ഞിട്ടും വിനിയോഗിക്കാതെ തിരിച്ചടവാക്കാത്ത ജീവനക്കാർ എത്രയുണ്ടെന്നും, അവർക്കെതിരെ എടുത്ത ശിക്ഷാ നടപടി എന്തെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്) നിയമാവലി</u>

5394 ശ്രീ. എം. എ. ബേബി
,, ജെയിംസ് മാത്യു
,, കെ. സുരേഷ് കുറുപ്പ്
,, ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (ഗിഫ്റ്റ്) നിയമാവലി അനുസരിച്ച് ഭരണസമിതിയുടെ ഘടനയും അംഗങ്ങളുടെ കാലാവധി എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഭരണസമിതി പുനഃസംഘടിപ്പിക്കാൻ സർക്കാരിന് അവകാശമുണ്ടോ; എങ്കിൽ ആയതിന് ഏത് നിയമത്തിന്റെ പിൻബലമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭരണസമിതിയിലെ അംഗങ്ങളെ നീക്കം ചെയ്യാൻ സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള നിയമാവലിയിൽ സർക്കാർ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗിഫ്റ്റിന്റെ ഭരണസമിതിയിൽ നിന്ന് ആരെയെല്ലാം ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ഇൻഷ്വറൻസ് കമ്പനികൾക്ക്മേൽ നിയന്ത്രണം</u>

5395 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻഷ്വറൻസ് കമ്പനികൾക്കുമേൽ സർക്കാരിന്റെ നിയന്ത്രണമുണ്ടോ;

(ബി) ഇൻഷ്വറൻസ് കമ്പനികൾക്ക്മേൽ ഉള്ള നിയന്ത്രണം കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>സർഫാസി നിയമം</u>

5396 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർഫാസി നിയമം കേരളത്തിൽ ഏതൊക്കെ ബാങ്കുകൾക്കാണ് ബാധകമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിയമം മൂലം എത്രപേർക്ക് വസ്തുവകകൾ വിട്ടുകൊടുക്കേണ്ടി വന്നിട്ടുണ്ട്;

(സി) നിയമത്തെ പ്രതിരോധിക്കാൻ സർക്കാരിന് എന്തൊക്കെ അവകാശങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കേന്ദ്രപദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിലുള്ള വീഴ്ച</u>

5397

ശ്രീ. ഇ. പി. ജയരാജൻ
,, എസ്. രാജേന്ദ്രൻ
,, എ. എം. ആരിഫ്
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതതു വർഷം പൂർത്തിയാക്കേണ്ട കേന്ദ്രപദ്ധതികൾ നടപ്പാക്കുന്ന കാര്യത്തിൽ കേരളം വീഴ്ച വരുത്തിയതായ സാമ്പത്തിക അവലോകന റിപ്പോർട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പൂർണ്ണമായും കേന്ദ്രഫണ്ടിൽ അതതു വർഷംതന്നെ പൂർത്തീകരിക്കേണ്ട പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ കേന്ദ്രസഹായം നഷ്ടപ്പെടുന്നതിനെക്കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ ഈ വർഷം സംസ്ഥാനത്തിന് 17 പദ്ധതികൾക്കായി എന്തു തുക അനുവദിച്ചുവെന്നും അതിൽ എന്തു തുക ചിലവഴിച്ചു എന്നുമുള്ള കണക്കുകൾ ലഭ്യമാണോ; വ്യക്തമാക്കാമോ;

(ഡി) നടപ്പുസാമ്പത്തിക വർഷം പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായും ചിലവഴിച്ച് പദ്ധതി പൂർത്തിയാക്കാത്തത് അടുത്ത വർഷത്തെ പദ്ധതികളെയും ഗ്രാന്റിനെയും ഏത് തരത്തിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കേന്ദ്രവിഹിതമായി ലഭിച്ച തുക</u>

5398 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ നിന്നുള്ള സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണം എന്ന നിലപാട് സർക്കാരിനുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര ശതമാനം തുകയാണ് ലഭിച്ചുവരുന്നത്; 2011-12, 2012-13, 2013-14 വർഷത്തിൽ ഇപ്രകാരം കേരളത്തിന് ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>അസറ്റ് ഡവലപ്മെന്റ് ഫണ്ടിന്റെ വിനിയോഗ കാലാവധി</u>

5399 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിയമസഭാംഗങ്ങൾക്കുളള അസറ്റ് ഡവലപ്മെന്റ് ഫണ്ടിന്റെ വിനിയോഗത്തിൽ വിവിധ കാരണങ്ങളാൽ കുറവുണ്ടായിട്ടുളള സാഹചര്യത്തിൽ, വിനിയോഗ കാലാവധി ദീർഘിപ്പിച്ചു നല്കുന്നകാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കേന്ദ്ര ഫണ്ടിന്റെ വിനിയോഗം</u>

T.5400 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും കേന്ദ്ര ഫണ്ടിൽ നിന്നും അതാത് വർഷം തന്നെ പൂർത്തിയാക്കേണ്ട പദ്ധതികൾക്കായി എന്തു തുകയാണ് 2011-12, 2012-13, 2013-14 വർഷങ്ങളിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്;

(ബി) ഇതിൽ എന്തുതുകയാണ് ഓരോ വർഷവും ആകെ ചിലവഴിച്ചത്; ഓരോ പദ്ധതിക്കും അനുവദിച്ച തുകയും ചിലവഴിച്ച തുകയും വിശദമാക്കാമോ;

(സി) അനുവദിച്ച തുക പൂർണ്ണമായും ചിലവഴിക്കാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രഫണ്ട് വെട്ടിക്കുറച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക പൂർണ്ണമായും ചിലവഴിക്കാൻ കഴിയാതിരുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് പദ്ധതിപ്രകാരം കൊല്ലം ജില്ലയിലെ പ്രവൃത്തികള്‍</u>

5401 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് പദ്ധതിപ്രകാരം കൊല്ലം ജില്ലയില്‍ നാളിതുവരെ എത്ര തുകയുടെ പ്രവൃത്തികള്‍ക്ക് ഭരണാനുമതി നല്‍കിയിട്ടുണ്ട് ;

(ബി) ഭരണാനുമതി നല്‍കിയ പ്രവൃത്തികളുടെ വിശദാംശങ്ങള്‍ നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>അക്രെഡിറ്റഡ് ഏജൻസി</u>

5402 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാരുടെ സ്പെഷ്യൽ ഡവലപ്പ്മെന്റ് ഫണ്ട് പദ്ധതിയുടെ അക്രെഡിറ്റഡ് ഏജൻസിയായി ഏതെല്ലാം സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) അക്രെഡിറ്റഡ് ഏജൻസിയായി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവൃത്തികൾ നേരിട്ടോ ടെണ്ടറിൽ മുൻഗണന നൽകിയോ നൽകാവുന്നതായ സംസ്ഥാനത്തെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയാണ്; പൊതുമേഖലയിലുള്ളവയും സഹകരണ മേഖലയിലുള്ളവയും ഏതൊക്കെ എന്നു വിശദമാക്കുമോ;

(ഡി) പ്രവർത്തനമികവും, പാരമ്പര്യവും, മനുഷ്യവിഭവശേഷിയും, നിർമ്മാണസാമഗ്രികളും തൊഴിൽ പരിചയവും ഇല്ലാത്ത സ്ഥാപനങ്ങളെ അക്രെഡിറ്റഡ് ഏജൻസിയായി തീരുമാനിക്കാതിരിക്കുമോ;

(ഇ) അക്രെഡിറ്റഡ് ഏജൻസികൾക്ക് നൽകുന്ന പ്രവൃത്തികൾ മറ്റ് കരാറുകാർക്ക് മറിച്ച് നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വന്തം നിലയിൽ തന്നെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള ഭൗതികസൗകര്യങ്ങൾ സ്വന്തമായി തന്നെയുള്ള സ്ഥാപനങ്ങളെ മാത്രം അക്രെഡിറ്റഡ് ഏജൻസിയാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട്</u>

5403 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിനത്തിൽ ഇതുവരെ എന്തു തുക ചിലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ആസ്തി വികസന ഫണ്ടുമായി ബന്ധപ്പെട്ട് നിർമ്മാണ പ്രവർത്തികളുടെ ഭരണാനുമതി കിട്ടുന്നതിനുള്ള കാലതാമസം ഒഴിവാക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി പുനലൂർ നിയോജകമണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ</u>

5404 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എം.എൽ.എ.മാർക്കുള്ള നിയോജകമണ്ഡലം ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി പുനലൂർ നിയോജകമണ്ഡലത്തിൽനിന്നും നിരത്തുകളും പാലങ്ങളും വിഭാഗം, കെട്ടിടവിഭാഗം എന്നിവയിലായി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ നിർദ്ദേശിച്ചിരുന്ന പ്രവൃത്തികളിൽ ഓരോന്നിന്റെയും ഇനംതിരിച്ചുള്ള ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ട്രഷറികളിൽ എ.ടി.എം</u>

5405 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ എ.ടി.എം. പ്രവർത്തനം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ട്രഷറി നിക്ഷേപം വര്‍ദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികള്‍</u>

5406 ഡോ. ടി. എം. തോമസ് ഐസക്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. ഹംസ
'' കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ട്രഷറികളില്‍ നിക്ഷേപം വര്‍ദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികള്‍ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ട്രഷറികളിലെ നിക്ഷേപം ആകര്‍ഷകമാക്കാനും ഇടപാടുകള്‍ ലളിതമാക്കി നിക്ഷേപകരെ ആകര്‍ഷിക്കാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് ഏറെ പ്രയോജനകരമാകുന്ന ട്രഷറി നിക്ഷേപം വര്‍ദ്ധിപ്പിക്കുന്നതിനായി ക്ഷേമനിധികളുടെയും അര്‍ദ്ധസര്‍ക്കാര്‍ സ്ഥാപനങ്ങളുടെയും ഫണ്ടുകള്‍ സ്വകാര്യ ബാങ്കുകളില്‍ നിക്ഷേപിക്കാമെന്ന ഉത്തരവ് റദ്ദ് ചെയ്ത് അവ ട്രഷറികളില്‍ തന്നെ നിക്ഷേപിക്കണമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലുള്ള നിലപാട് വ്യക്തമാക്കാമോ;

(ഡി) ബാങ്കുകളില്‍ ലഭിക്കുന്നതിനേക്കാള്‍ മെച്ചപ്പെട്ട സേവനം ലഭ്യമാക്കി നിക്ഷേപകരെ ആകര്‍ഷിക്കാന്‍ എന്തെങ്കിലും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലാ ട്രഷറിയോടനുബന്ധിച്ച് പെൻഷൻ ട്രഷറി സ്ഥാപിക്കണമെന്ന ആവശ്യം</u>

5407 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ട്രഷറിയോടനുബന്ധിച്ച് പെൻഷൻ ട്രഷറി സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ പെൻഷൻ ട്രഷറി ആരംഭിക്കുവാൻ നിലവിലുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) മലപ്പുറം ജില്ലാട്രഷറിയോടനുബന്ധിച്ച് പുതിയ പെൻഷൻ ട്രഷറി ആരംഭിക്കുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ട്രഷറിയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ്

5408 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ</u>

5409 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ആകെ റസീപ്റ്റ്സ് എന്തു തുകയാണ്;

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ആകെ പേയ്മെന്റ്സ് എന്തു തുകയാണ്;

(സി) 31.03.2013 ലെ സംസ്ഥാനത്തെ ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിലെ ക്ലോസിംഗ് ബാലൻസ് എന്തു തുകയാണ്; വ്യക്തമാക്കാമോ;

(ഡി) ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ പിൻവലിക്കപ്പെടാതെ കിടക്കുന്ന ബാലൻസ് തുക സർക്കാരിന്റെ ഏതെങ്കിലും പ്രവർത്തനങ്ങൾക്കു വേണ്ടി ചിലവഴിക്കാൻ ഉപയോഗിക്കാറുണ്ടോ; എങ്കിൽ 2012-13 സാമ്പത്തിക വർഷത്തിൽ എന്തു തുക ചിലവഴിച്ചു; വ്യക്തമാക്കാമോ;

(ഇ) ട്രഷറിയിലെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് സംവിധാനം നിർത്തലാക്കുവാനോ പെൻഷൻ വിതരണം ബാങ്കുകൾ വഴിയാക്കുവാനോ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പെൻഷൻ കുടിശ്ശിക</u>

5410

ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജുകളിൽ നിന്ന് 2006 ന് മുൻപ് വിരമിച്ച അദ്ധ്യാപകരുടെ 2006 മുതൽ 2010 വരെയുള്ള പെൻഷൻ കുടിശ്ശിക ലഭിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

2013 ഏപ്രിൽ 1 ന് മുമ്പ് പൊതുമേഖലാ സ്ഥാപനത്തിൽ ജോലി ചെയ്തവർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ

5411 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പു**
സദയം മറുപടി നൽകുമോ:

2013 ഏപ്രിൽ 1 ന് മുമ്പ് പി.എസ്.സി. വഴി കേരളത്തിലെ കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചവർക്ക് 2013 ഏപ്രിൽ 1 ന് ശേഷം സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലിയിൽ പ്രവേശിക്കുമ്പോൾ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുമോ; സ്റ്റാറ്റ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>തപാൽവഴി പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി</u>

5412 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിന് ആധാർകാർഡും ബാങ്ക് അക്കൗണ്ടും നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) കിടപ്പു രോഗികളും, വയോവൃദ്ധരുമായവർക്ക് ആധാർ കാർഡ് ലഭിക്കുവാൻ തീരെ സാദ്ധ്യതയില്ലാത്തതിനാലും, ബാങ്കിലേയ്ക്ക് സഞ്ചരിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുമായി പ്രസ്തുത നിബന്ധനകൾ ഒഴിവാക്കി തപാൽവഴി പെൻഷനുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

എട്ടാം ശമ്പളപരിഷ്കരണം ലഭിക്കാതിരുന്ന പെൻഷൻകാർക്ക് വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ

T.5413 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്നും 1-3-2002 നും 30-6-2004 നും ഇടയ്ക്ക് വിരമിച്ചവർക്ക് എട്ടാം ശമ്പള പരിഷ്കരണത്തിന്റെ യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതിരുന്ന പ്രത്യേക സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വിരമിച്ചവർക്ക് അടിസ്ഥാന പെൻഷനിൽ അഞ്ചു ശതമാനം മാത്രം വർദ്ധനവ് അനുവദിച്ചത് അവർക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ടിയിരുന്ന ആനുകൂല്യവുമായി താരതമ്യപ്പെടുത്തുമ്പോൾ തികച്ചും അപര്യാപ്തമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അർഹമായ ശമ്പള പരിഷ്ക്കരണവും അതനുസരിച്ചുള്ള പെൻഷൻ ആനുകൂല്യങ്ങളും പ്രസ്തുത വിഭാഗത്തിൽപെട്ടവർക്ക് ലഭിക്കാതിരിക്കുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് ഉചിതമായ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>പെൻഷൻകാർക്ക് ക്ഷാമബത്താ കുടിശ്ശിക</u>
<u>പൂർണ്ണമായി നൽകാൻ നടപടി</u>

T.5414 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ പെൻഷൻകാർക്ക് കുടിശ്ശിക ക്ഷാമബത്ത 23-12-2013-ൽ തവണകളായി അനുവദിച്ചിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(ബി) പ്രായാധിക്യവും രോഗങ്ങളും നിമിത്തം ദുരിതം അനുഭവിക്കുന്ന പെൻഷൻകാർക്ക് അർഹമായ ക്ഷാമബത്ത ഒറ്റത്തവണയായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ
സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം</u>

5415 ശ്രീ. അൻവർ സാദത്ത്
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇത് മുഖേന ലഭിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>മംഗല്യസഹായ നിധി പദ്ധതി</u>

5416 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മംഗല്യസഹായ നിധി പദ്ധതി വഴി ആർക്കെല്ലാമാണ് വിവാഹധനസഹായം അനുവദിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുതുതായി എന്തെങ്കിലും മാറ്റങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>അമിത പലിശ ഈടാക്കൽ നിരോധന നിയമം</u>

T.5417 ശ്രീ. വി. എം. ഉമ്മർമാസ്റ്റർ
,, കെ. എൻ. എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസ്സാക്കിയ അമിത പലിശ ഈടാക്കൽ നിരോധന നിയമം നടപ്പാക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) അമിതപലിശയ്ക്ക് പണം കടംകൊടുത്ത് സെക്യൂരിറ്റിയുടെ പേരിൽ വസ്തുവകകളുടെ ഉടമസ്ഥാവകാശം എഴുതി വാങ്ങുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ഇ-സ്റ്റാമ്പിംഗ് പദ്ധതി

5418 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മിക്ക പ്രദേശങ്ങളിലും മുദ്രപ്പത്ര ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മുദ്രപ്പത്ര ഉപയോഗം കുറ്റമറ്റതാക്കുന്നതിന്റെ ഭാഗമായുള്ള ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പുരോഗതി എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സ്വർണ്ണത്തിനുള്ള ഇറക്കുമതി തീരുവ</u>

5419 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പാക്കുന്നതിനുള്ള എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ച് ആഭരണങ്ങൾക്കുള്ള നികുതി എത്ര ശതമാനമാക്കിയാണ് നിജപ്പെടുത്തിയിരിക്കുന്നത്;

(ബി) കേരളത്തിൽ ഇതിൽ നിന്നും വ്യത്യസ്തമായി ആഭരണങ്ങൾക്ക് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) കേരളത്തിൽ ആഭരണങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചത് കാരണം അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളീയർ ആഭരണങ്ങൾ വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർദ്ധനവ് കേരളത്തിന്റെ നികുതി വരുമാനം കുറയുന്നതിനും കള്ളക്കടത്ത് വർദ്ധിയ്ക്കുന്നതിനും കാരണമായിട്ടുണ്ടോ; ത്രിപുര ഒഴിച്ചുള്ള സംസ്ഥാനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരക്കായ 1% ആയി നികുതി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വർണ്ണത്തിനുള്ള ഇറക്കുമതി തീരുവ 10% എന്നത് കുറയ്ക്കുന്നതിനാവശ്യമായ സമ്മർദ്ദം കേന്ദ്രസർക്കാരിൽ ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ലോട്ടറിയുടെ വില്പനയും വരുമാനവും

5420 ശ്രീ. പി. ബി. അബ്ദുള്‍ റസാക്
'' അബ്ദുറഹിമാന്‍ രണ്ടത്താണി
'' പി. ഉബൈദുള്ള
'' എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ലോട്ടറിയില്‍ നിന്നുള്ള വരുമാനം ജീവകാരുണ്യപ്രവര്‍ത്തനങ്ങള്‍ക്കും, വികസന പ്രവര്‍ത്തനങ്ങള്‍ക്കും ഉപയോഗപ്പെടുത്തുന്നതിനുള്ള നയം സര്‍ക്കാര്‍ സ്വീകരിച്ച ശേഷം, ലോട്ടറിയുടെ വില്പനയിലും വരുമാനത്തിലും ഉണ്ടായ ഗുണപരമായ മാറ്റങ്ങള്‍ വിശദമാക്കുമോ;

(ബി) ഇത്തരം പുതിയ പദ്ധതികള്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(സി) സമ്മാനഘടനയില്‍ മാറ്റംവരുത്തി കൂടുതല്‍ പേര്‍ക്ക് സമ്മാനം ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ രണ്ടു വര്‍ഷം ലോട്ടറിയില്‍ നിന്ന് ലഭിച്ച ആകെ വരുമാനമെത്ര; മുന്‍സര്‍ക്കാരിന്റെ കാലത്ത് സ്വീകരിച്ച നയം മൂലം പ്രസ്തുത ഇനത്തിലുണ്ടായ വരുമാന നഷ്ടമെത്രയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ലോട്ടറി മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ
തടയുന്നതിനുള്ള നടപടി

5421 ശ്രീ. എം. ചന്ദ്രൻ
,, പി.ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയുടെ വിശ്വാസ്യതയെ തകർക്കുന്ന തരത്തിൽ ചൂതാട്ട ലോട്ടറിക്കാർ സംസ്ഥാനത്ത് സജീവമായതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എഴുത്ത് ലോട്ടറി, മൂന്നക്ക ലോട്ടറി, ഫോട്ടോസ്റ്റാറ്റ് ലോട്ടറി, സമ്മാനർഹമായ ടിക്കറ്റുകളുടെ തിരുത്തൽ എന്നിങ്ങനെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങൾ സംസ്ഥാനത്ത് സജീവമാണെന്ന പരാതി പരിശോധിച്ചിട്ടുണ്ടോ;

(സി) ലോട്ടറി നിരോധിച്ച അന്യ സംസ്ഥാനത്തേക്ക് ചൂതാട്ടത്തിനായി കേരള സംസ്ഥാന ലോട്ടറികൾ കൊണ്ടുപോകുന്നു എന്ന ആക്ഷേപത്തിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാന ഖജനാവിന് സാമ്പത്തിക നഷ്ടം വരുത്തുന്ന ചൂതാട്ടലോട്ടറി തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കൃത്രിമ ലോട്ടറി ക്ഷാമം</u>

5422 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമ ലോട്ടറി ക്ഷാമം സൃഷ്ടിച്ച് ചെറുകിട ലോട്ടറി ഏജന്റ്മാർക്ക് ആവശ്യമായ ടിക്കറ്റ് ലഭിക്കാത്ത സാഹചര്യം പരിശോധിച്ച് നടപടിയെടുക്കുമോ;

(ബി) പുതിയ ഏജന്റുമാർക്ക് ₹20/- യുടെ ലോട്ടറി ടിക്കറ്റ് നൽകുന്നതല്ല എന്നും ലഭ്യതയനുസരിച്ച് മാത്രമെ മറ്റു ടിക്കറ്റുകൾ നൽകുകയുള്ളു എന്നുമുള്ള ബോർഡ് ലോട്ടറി ഓഫീസുകളിൽ സ്ഥാപിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(സി) ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റുകൾ നിഷേധിക്കുമ്പോഴും പതിനായിരത്തിലധികം ടിക്കറ്റ് വാങ്ങുന്നവർക്ക് യഥേഷ്ടം ടിക്കറ്റ് നൽകാൻ ഇടയാകുന്ന സാഹചര്യം വ്യക്തമാക്കാമോ;

(ഡി) വൻകിട ഏജന്റുമാർ വാങ്ങുന്ന ടിക്കറ്റുകൾ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടാതെ അന്യസംസ്ഥാനങ്ങളിൽ കൂടിയ വിലയ്ക്ക് വിറ്റഴിക്കപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) കൃത്രിമ ലോട്ടറി ക്ഷാമം സൃഷ്ടിക്കുന്നതിനാൽ മിനിമം ടിക്കറ്റ് വിൽപ്പന നടത്താനാവാതെ ക്ഷേമനിധി അംഗങ്ങളുടെ ക്ഷേമനിധി കുടിശ്ശികയാകുന്ന സാഹചര്യം പരിശോധിച്ച് മതിയായ ടിക്കറ്റ് ലഭ്യത ഉറപ്പ് വരുത്തുമോ;

(എഫ്) കൃത്രിമ ലോട്ടറി ക്ഷാമം സൃഷ്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലാ ലോട്ടറി ഓഫീസ്</u>

5423 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ലോട്ടറി ഓഫീസിൽ സ്ഥലപരിമിതി മൂലം ലോട്ടറി ഏജന്റുമാർക്കും സാധാരണ ലോട്ടറി തൊഴിലാളികൾക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും മുകളിലത്തെ നിലയിൽ പ്രവർത്തിക്കുന്ന പ്രസ്തുത ഓഫീസ് വികലാംഗരുടെയും മറ്റും ബുദ്ധിമുട്ട് പരിഗണിച്ച് താഴത്തെ നിലയിലേയ്ക്കു മാറ്റുന്ന കാര്യം പരിഗണിക്കുമോ;

(സി) ജില്ലാ ലോട്ടറി ഓഫീസിന്റെ പ്രവർത്തനം വികേന്ദ്രീകരിച്ച്, താലൂക്ക് തലത്തിൽ 'താലൂക്ക് ലോട്ടറി ഓഫീസ്' ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലാ ട്രഷറി വക കെട്ടിടം എസ്.ബി.റ്റി.ക്കു നൽകിയതു സംബന്ധിച്ച വ്യവസ്ഥ</u>

5424 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ ട്രഷറി വക കെട്ടിടം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന് (എസ്. ബി. റ്റി) എത്ര വർഷത്തേയ്ക്കാണു നൽകിയത്; എന്തു വ്യവസ്ഥയിലാണു നൽകിയത്;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിച്ചതാര്; ഇതിനുവേണ്ട സ്ഥലം നൽകിയതാര്;

(സി) കരാറനുസരിച്ച് താഴത്തെ നിലയിൽ സ്ഥലം നൽകുന്നതിനു പകരം എന്തുകൊണ്ടാണ് ട്രഷറിക്കു മൂന്നാം നിലയിൽ സ്ഥലമനുവദിച്ചത്; ഇതുകൊണ്ട് പ്രായമായ പെൻഷൻകാരും ഇടപാടുകാരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ട്രഷറിയിലേയ്ക്കുള്ള പ്രവേശനഭാഗത്ത് ഗേറ്റിനുള്ളിലുള്ള സ്ഥിരമായ കാർ പാർക്കിംഗ് ട്രഷറിയിലെത്തുന്നവർക്കു മാർഗ്ഗതടസ്സം ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, കാർ പാർക്കിംഗ് ഒഴിവാക്കി മാർഗ്ഗതടസ്സം നീക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ലിഫ്റ്റ് സൗകര്യം</u>

T.5425 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ലിഫ്റ്റ് സൗകര്യം ഏർപ്പെടുത്താത്തതു നിമിത്തം ട്രഷറിയിലെത്തുന്ന വൃദ്ധരായ ഇടപാടുകാർ അനുഭവിയ്ക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലിഫ്റ്റിന്റെ അനുമതിയ്ക്കായുള്ള നിർദ്ദേശം എന്നാണ് ലഭിച്ചത്; ആയത് ഇതുവരെ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ മറ്റേതെങ്കിലും ജില്ലാ ട്രഷറിയിൽ ഇതിന് ശേഷം ലഭിച്ച ലിഫ്റ്റിന്റെ അനുമതിയ്ക്കുള്ള അപേക്ഷ പരിഗണിച്ച് ലിഫ്റ്റ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ലിഫ്റ്റ് സൗകര്യം എന്നത്തേക്ക് ഏർപ്പെടുത്താനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ചടയമംഗലത്ത് പുതിയ സബ്-ട്രഷറി കെട്ടിട നിർമ്മാണം</u>

5426 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലത്ത് അനുവദിച്ചിട്ടുള്ള പുതിയ സബ്-ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;

(ബി) നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

'മംഗല്യ നിധി' ലോട്ടറി

5427 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർധന യുവതികൾക്ക് വിവാഹധനസഹായം നൽകുന്നതിനായി 'മംഗല്യ നിധി' ലോട്ടറി ആരംഭിക്കുന്ന പദ്ധതി 2013-14-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവോ; എങ്കിൽ ഇതുവരെ എത്ര യുവതികൾക്ക് 'മംഗല്യ നിധി' ലോട്ടറിയിലൂടെ വിവാഹധനസഹായം അനുവദിച്ചു; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവാഹധനസഹായം ഇതുവരെ ആർക്കും നൽകിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ;

(സി) 'മംഗല്യ നിധി' ലോട്ടറി ആരംഭിച്ച് അർഹരായവർക്ക് വിവാഹധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വിവാഹധനസഹായം രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; നിലവിൽ പ്രസ്തുത ധനസഹായം എത്ര രൂപയാണ് അനുവദിക്കുന്നത്; വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>കാരുണ്യ ബനവലന്റ് പദ്ധതി</u>

5428 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'കാരുണ്യ' ലോട്ടറിയുടെ ലാഭം ഉപയോഗിച്ച് നിർദ്ധന രോഗികൾക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കാമോ;

(ബി) കാരുണ്യ ബനവലന്റ് പദ്ധതിപ്രകാരം ഇതുവരെ ഓരോ വിഭാഗം രോഗികൾക്കും എന്തു തുക വീതമാണ് നൽകിയത്; വ്യക്തമാക്കാമോ; പ്രസ്തുത തുക നൽകിയിട്ടുള്ള സ്വകാര്യ-സർക്കാർ ആശുപത്രികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷ നൽകിയവർക്ക് സഹായധനം ലഭ്യമാക്കേണ്ടതിലേയ്ക്ക് സ്വകാര്യ-സർക്കാർ ആശുപത്രികൾക്ക് എത്ര തുക വീതം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിൽ കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ</u>

5429 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങളെയാണ് കാരുണ്യാ ചികിത്സാധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ കാരുണ്യ ചികിത്സാ
ധനസഹായത്തിനപേക്ഷിച്ചവർ

5430 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിൽ 2013 വർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര അപേക്ഷകൾ പരിഗണിച്ചു;

(ബി) എന്തു തുകയാണ് 2013 ൽ അനുവദിച്ചത്; ഓരോ രോഗത്തിനും അനുവദിച്ച തുക പ്രത്യേകം വ്യക്തമാക്കുമോ;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിച്ചിട്ടുള്ളത്;

(ഡി) ചികിത്സാ ധനസഹായം നൽകുന്നതിനായി പാലക്കാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളെയാണ് അംഗീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

പദ്ധതി പ്രവർത്തനത്തിന്റെ അവലോകനം

5431 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഇതുവരെയുള്ള പദ്ധതി പ്രവർത്തനം (2011-12, 2012-13, 2013-14) അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ ലക്ഷ്യവും കോട്ടവും വ്യക്തമാക്കാമോ;

(ബി) പദ്ധതി അടങ്കൽ എന്തു തുകയായിരുന്നു; ചെലവഴിക്കാൻ കഴിയാതെ പോയത് എത്ര തുകയുടെ അടങ്കലായിരുന്നു;

(സി) വിദേശസഹായത്തോടെയുള്ള പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കാതെ വന്നത് ഏതൊക്കെയായിരുന്നു; വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര സഹായ പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കാത്തവ ഏതൊക്കെ, വിശദമാക്കുമോ;

(ഇ) അൻപത് ശതമാനത്തിൽ താഴെ മാത്രം ചെലവ് വരുത്തിയ വകുപ്പുകൾ ഏവ; അവയുടെ അടങ്കലും ചെലവും വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ചിട്ടി കമ്പനികൾ</u>

5432

ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

1982 ൽ കേന്ദ്ര ചിട്ടി നിയമം പ്രാബല്യത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി ചിട്ടി കമ്പനി രൂപീകരിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; പ്രസ്തുത അപേക്ഷകൾ ഏതൊക്കെയെന്നും ഇതിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ഗ്രൂപ്പ് പേഴ്സണല്‍ ആക്സിഡന്റ് ഇന്‍ഷുറന്‍സ് സ്കീം</u>

5433 ശ്രീ. എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജി.പി.എ.ഐ.എസ്. (ഗ്രൂപ്പ് പേഴ്സണല്‍ ആക്സിഡന്റ്സ് - ഇന്‍ഷ്വറന്‍സ് സ്കീം) ആരംഭിച്ചത് ഏത് വര്‍ഷം എന്നു വ്യക്തമാക്കുമോ; ആദ്യവര്‍ഷം എന്തു തുകയായിരുന്നു പ്രീമിയം;

(ബി) പ്രസ്തുത സ്കീമില്‍ ചേരുന്നതിന് പ്രത്യേക അപേക്ഷ ഫാറം ഉണ്ടായിരുന്നോ; എങ്കില്‍ നാളിതുവരെ എത്ര ജീവനക്കാര്‍ ഫോം പൂരിപ്പിച്ച് നല്‍കി;

(സി) 2013 ഡിസംബറില്‍ എത്ര ജീവനക്കാരില്‍ നിന്നും പ്രീമിയം പിടിച്ചിട്ടുണ്ട്; പ്രസ്തുത സ്കീം മുഖേന എന്ത് തുക ഓരോ വര്‍ഷവും സര്‍ക്കാരിന് ലഭിച്ചു; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഇതില്‍ ഏത് വര്‍ഷം വരെയുള്ള തുക ഇന്‍ഷ്വറന്‍സ് കമ്പനിയ്ക്ക് അടച്ചിട്ടുണ്ട്;

(ഇ) ഇതുവരെ എത്ര ജീവനക്കാരുടെ കുടുംബത്തിന് ഇതു പ്രകാരമുള്ള ആനുകൂല്യം നല്‍കിയിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകയിരുത്തിയിട്ടുള്ള തുക</u>

5434 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രഭാകരൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ജില്ലയിലെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയില്‍ പ്രഭാകരന്‍ കമ്മീഷന്‍ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ വികസനം</u>

5435 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ പ്രഭാകരന്‍ കമ്മീഷന്‍ റിപ്പോര്‍ട്ടിന്റെ അടിസ്ഥാനത്തില്‍ വികസന പ്രവര്‍ത്തനങ്ങള്‍ നടത്തുന്നതിന് 2014-15 വര്‍ഷത്തെ ബഡ്ജറ്റില്‍ എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് ഉള്‍പ്പെടുത്തിയിട്ടുള്ളതെന്നും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങള്‍ എപ്രകാരമാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ആഭരണങ്ങളുടെ വാണിജ്യ നികുതി</u>

5436 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭരണങ്ങളുടെ വാണിജ്യ നികുതി മറ്റ് സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും ഒരു ശതമാനമായി കുറയ്ക്കുവാൻ തയ്യാറാകുമോ;

(ബി) സ്വർണ്ണം വാങ്ങുമ്പോൾ ബില്ലില്ലാതെ കച്ചവടം നടത്തുന്ന അവസ്ഥ പരിശോധിക്കുന്നതിനും നികുതി ചോർച്ച ഒഴിവാക്കാനും സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ഇറക്കുമതി സ്വർണ്ണത്തിന് ഈടാക്കുന്ന പ്രീമിയം ഒഴിവാക്കാൻ ബാങ്കുകളെ പ്രേരിപ്പിക്കുമോ;

(ഡി) ആഭരണ വ്യാപാര രംഗത്ത് നികുതിചോർച്ച ഒഴിവാക്കാൻ മുഴുവൻ വ്യാപാരികളെയും വാറ്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്വർണ്ണം റീ സൈക്കിൾ ചെയ്ത് വിപണിയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാരിന്റെ പരിമിതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ ബജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങൾ</u>

5437 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അവതരിപ്പിച്ച കഴിഞ്ഞ ബജറ്റ് പ്രസംഗത്തിലെ എല്ലാ നിർദ്ദേശങ്ങളും പൂർണ്ണമായും നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകൾ ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി നൽകിയിട്ടും നടപ്പിലാക്കുവാൻ സാധിക്കാത്ത പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ</u>

T.5438 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിപ്രകരം നിയമിക്കപ്പെട്ടവരുടെ വിരമിക്കൽപ്രായം എത്രയാണ്;

(ബി) പങ്കാളിത്തപെൻഷൻ സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിപ്രകാരം നിക്ഷേപിക്കുന്ന തുകയ്ക്ക് ആരാണ് ഗ്യാരന്റി നൽകുക; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം നിക്ഷേപിക്കുന്ന തുകയ്ക്ക് എത്ര ശതമാനം പലിശയാണ് ലഭിക്കുക; പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഫണ്ട് സംസ്ഥാന ട്രഷറിയിൽ മാത്രം നിക്ഷേപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പങ്കാളിത്തപെൻഷൻ പദ്ധതി</u>

T.5439 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുന്നുവെന്ന് ബോദ്ധ്യമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ജീവനക്കാര്‍ക്ക് പങ്കാളിത്ത പെന്‍ഷന്‍</u>

T.5440 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയില്‍
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

2013 ഏപ്രില്‍ 1 മുതല്‍ സര്‍വ്വീസില്‍ കയറിയ സര്‍ക്കാര്‍ ജീവനക്കാര്‍ക്ക് സ്റ്റാറ്റ്യൂട്ടറി പെന്‍ഷന്‍ നല്‍കില്ല എന്ന തീരുമാനം പ്രാവര്‍ത്തികമാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ.യുടെ ശാഖകൾ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിന് നടപടി</u>

5441 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ ശാഖകൾ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കെ.എസ്.എഫ്.ഇ.യിലൂടെ കുറഞ്ഞ പലിശ നിരക്കിൽ ഭവന നിർമ്മാണ വായ്പ നൽകുന്നതിന് നടപടി ഉണ്ടാകുമോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. സോണൽ, റീജിയണൽ ഓഫീസുകൾ

5442

ശ്രീ. ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ പുതുതായി സോണൽ, റീജിയണൽ ഓഫീസുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സോണൽ, റീജിയണൽ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എന്തെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത ഓഫീസുകൾ ആരംഭിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കെ. എസ്. എഫ്. ഇ. യുടെ പുതിയ സ്കീമുകൾ

5443

ശ്രീ. ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കെ. എസ്. എഫ്. ഇ. തുടങ്ങിയ സ്കീമുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഓരോ സ്കീമിലും ഇതുവരെ എത്ര തുകയുടെ ബിസിനസ് നടത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ. ജൂനിയര്‍ അസിസ്റ്റന്റുമാരുടെ തസ്തിക മാറ്റം</u>

5444

ശ്രീ. എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.എഫ്.ഇ. ജൂനിയര്‍ അസിസ്റ്റന്റുമാരുടെ തസ്തികമാറ്റം പരീക്ഷ എഴുതുന്നവരുടെ യോഗ്യതയില്‍ ഭേദഗതി നടപ്പിലാക്കാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ; എങ്കില്‍ പുതിയ യോഗ്യത എന്താണ്; ഇതിനുള്ള സ്പെഷ്യല്‍ റൂള്‍ ഭേദഗതി നടത്തിയിട്ടുണ്ടോ;

(ബി) സ്പെഷ്യല്‍ റൂള്‍ ഭേദഗതി നടപ്പിലാക്കാനുള്ള ചട്ടങ്ങളും നിയമങ്ങളും ലഭ്യമാക്കാന്‍ കെ.എസ്.എഫ്.ഇ. യോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കില്‍ എത്ര തവണ നിര്‍ദ്ദേശം നല്‍കി; ഇതിന് മറുപടി കെ.എസ്.എഫ്.ഇ. യില്‍ നിന്ന് ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ യിലെ ഒഴിവുകൾ

5445 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2.4.2013-ലെ സർക്കാർ ഉത്തരവനുസരിച്ച് കെ.എസ്.എഫ്.ഇ യിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ യിൽ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) നിലവിലുള്ള ഒഴിവുകൾ നികത്താനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ ശാഖകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ</u>

5446 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ശാഖകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്ന പേരിൽ പുറംവാതിൽ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്ഥാപനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചശേഷവും ഡാറ്റാ എൻട്രി നടത്താൻ സ്ഥാപനത്തിൽ പുറംജോലിക്കാരുടെ ആവശ്യം ഉണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത ഇനത്തിൽ പ്രതിവർഷം എന്ത് തുക ചിലവഴിക്കുന്നുണ്ട് ; റീജിയൻ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) സ്ഥാപനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചശേഷം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ പിൻവലിക്കുമെന്ന് നിയമസഭയിൽ ഉറപ്പു നൽകിയിരുന്നത് പാലിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ.-യുടെ ചിട്ടി സെക്യൂരിറ്റി നിക്ഷേപം

5447 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് ചാർജ്, ഗ്യാരന്റി കമ്മീഷൻ, ഡിവിഡന്റ് എന്നീ ഇനങ്ങളിലായി കഴിഞ്ഞ സാമ്പത്തികവർഷം എത്ര തുക കെ.എസ്.എഫ്.ഇ. നേരിട്ട് സർക്കാരിന് നൽകിയിട്ടുണ്ട് ;

(ബി) ചിട്ടി സെക്യൂരിറ്റി നിക്ഷേപമായി കെ.എസ്.എഫ്.ഇ. എത്ര തുക ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത തുകക്ക് കഴിഞ്ഞ രണ്ട് വർഷമായി സർക്കാർ പലിശ നൽകാത്തതിന്റെ കാരണം എന്താണ് ;

(ഡി) ചിട്ടി രജിസ്ട്രേഷൻ ഫീസ് വർദ്ധനവിൽനിന്ന് കെ.എസ്.എഫ്.ഇ. യെ ഒഴിവാക്കി ഇളവുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ.യിൽ ഒഴിവുള്ള തസ്തികകൾ</u>

5448 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ.യിൽ എത്ര പാർട്ട് ടൈം സ്വീപ്പർമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(സി) പ്രസ്തുത ഒഴിവ് നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പളപരിഷ്കരണം

5449 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പളപരിഷ്കരണ കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചത്;

(ബി) പ്രസ്തുത കാലാവധി പുതുക്കി നിശ്ചയിക്കണമെന്ന് ജീവനക്കാരുടെ സംഘടനകളുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം പുതുക്കി കരാർ ഉണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകണമെന്ന ആവശ്യം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി

5450 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആവശ്യത്തിൻമേൽ എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ.യുടെ ചിട്ടി സെക്യൂരിറ്റിയിനത്തിലുള്ള നിക്ഷേപം</u>

5451

ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര ചിട്ടി നിയമപ്രകാരം ചിട്ടി രജിസ്റ്റര്‍ ചെയ്തതിന്റെ ഭാഗമായി കെ.എസ്.എഫ്.ഇ. എന്തു തുകയാണ് നിലവില്‍ ചിട്ടി സെക്യൂരിറ്റിയിനത്തില്‍ നിക്ഷേപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുകയ്ക്ക് പ്രതിമാസ പലിശ നല്‍കുന്നുണ്ടോ; ഇല്ലെങ്കില്‍ അതിനുള്ള തടസ്സമെന്താണ്;

(സി) പലിശ നല്‍കാത്തതിനാല്‍ കെ.എസ്.എഫ്.ഇ.യ്ക്കുണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിന് എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) കേന്ദ്ര ചിട്ടി നിയമപ്രകാരം ചിട്ടി സെക്യൂരിറ്റി യിനത്തില്‍ നിക്ഷേപിക്കുന്ന പണത്തിന് പലിശ ലഭിക്കാത്തതിനാലുള്ള വരുമാന നഷ്ടം നികത്തുന്നതിന് ധനസഹായം നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് സംരക്ഷണം

5452 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ചിട്ടി നിയമം നിലവിൽ വന്നതോടെ കെ.എസ്.എഫ്.ഇ.യ്ക്ക് ലഭിച്ചിരുന്ന പ്രത്യേക സംരക്ഷണം ഇല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെ.എസ്.എഫ്.ഇ. ചിട്ടികൾക്ക് പ്രത്യേകം സംരക്ഷണം ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

എം.പി.കെ.ബി.വൈ. ഏജന്റായി നിയമനം

5453 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുതുകുളം ബ്ളോക്ക്ഡവലപ്പമെന്റ് ആഫീസർ എം.പി.കെ.ബി.വൈ. ഏജന്റായി നിയമനം നൽകുന്നതിലേക്ക് അഭിമുഖം നടത്തി തെരഞ്ഞെടുക്കുകയും, നാഷണൽ ജില്ലാ സേവിംഗ്സ് ജില്ലാ ആഫീസിൽ നിന്നും അനുമതി ലഭിക്കുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നാഷണൽ സേവിംഗ്സിന്റെ സംസ്ഥാന ഡയറക്ടറേറ്റിൽ നിന്നും നിയമനത്തിനുള്ള അനുമതി ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; ഇവർക്ക് നിയമനം ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ നിയമനം

5454 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ യോഗ്യരായ ജൂനിയർ സൂപ്രണ്ടുമാരിൽനിന്നും ഡിവിഷണൽ അക്കൗണ്ടന്റുമാരായി നിയമിക്കുന്നത് സംബന്ധിച്ചുള്ള ഫയൽ ധനകാര്യവകുപ്പിൽ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ടോ;

(ബി) ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ എത്ര വേക്കൻസിയാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ; നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമപ്രകാരം നിയമനം നടത്തുന്നതിനായി ആരെല്ലാം അപേക്ഷിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) മേൽപ്പറഞ്ഞ വകുപ്പിൽ യോഗ്യരായ ജൂനിയർ സൂപ്രണ്ടുമാരിൽനിന്നും ഡിവിഷണൽ അക്കൗണ്ടന്റുമാരായി നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ;

(ഡി) പ്രസ്തുത ഫയലിൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ധനകാര്യ വകുപ്പിൽ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തിയ നടപടി

5455 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ധനകാര്യ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിലോ താല്ക്കാലികമായോ ജോലി ചെയ്തിരുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ എത്ര ഡ്രൈവർമാരെ സ്ഥിരപ്പെടുത്തിയെന്നും അവർക്ക് എത്ര വർഷത്തെ സർവ്വീസ് ഉണ്ടായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡ്രൈവർമാർ നിലവിലുണ്ടായിരുന്ന ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുകയായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഡ്രൈവർമാർക്കുവേണ്ടി തസ്തിക സൃഷ്ടിച്ച് അതിൽ അവരെ സ്ഥിരപ്പെടുത്തുകയായിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഡ്രൈവർ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഡ്രൈവർ തസ്തികകളിൽ താല്ക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച നിയമവശങ്ങൾ പരിശോധിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ജി) സർക്കാർ സർവ്വീസിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള ഏതെല്ലാം വകുപ്പുകളിലും ചട്ടങ്ങളിലും ഇളവു നൽകിയാണ് ഇവരെ സ്ഥിരപ്പെടുത്തിയതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ചെക്ക്പോസ്റ്റുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുള്ള നടപടി</u>

5456 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെക്ക്പോസ്റ്റുകൾ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദീകരിക്കാമോ;

(ബി) സർക്കാർ നടപടി നികുതിവെട്ടിപ്പും കള്ളക്കടത്തും തടയുന്നതിന് ഫലപ്രദമാണോ എന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ;

(സി) കള്ളക്കടത്തും നികുതിവെട്ടിപ്പും തടയാൻ പുതുതായി എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതിവെട്ടിപ്പ് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകര പോലീസ് സ്റ്റേഷന് അനുമതി ലഭ്യമാക്കാൻ നടപടി</u>

5457 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകര പോലീസ് സ്റ്റേഷൻ അനുവദിച്ച് ധനകാര്യ അനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിലവിലുള്ള ഫയൽ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആഭ്യന്തര വകുപ്പു മുഖേന അനുമതിക്കായി വർഷങ്ങളായി സമർപ്പിച്ചുകൊണ്ടിരിക്കുന്ന, പോലീസ് സ്റ്റേഷന് കാലവിളംബം കൂടാതെ ധനകാര്യ അനുമതി നൽകുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>റയിൽവേ മുഖേന നടക്കുന്ന അന്തർ സംസ്ഥാന നികുതി വെട്ടിപ്പ്</u>

5458 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിർത്തി കടന്ന് ഓരോ തീവണ്ടിയും കേരളത്തിലെത്തുമ്പോൾ കോടികളുടെ നികുതി വെട്ടിപ്പു നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഇപ്രകാരം പ്രതിവർഷം ഉദ്ദേശം എന്തു തുകയുടെ നികുതി നഷ്ടം സംസ്ഥാനത്തിന് വരുന്നുവെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) റയിൽവേ സ്റ്റേഷൻ മുഖേന നടക്കുന്ന നികുതി വെട്ടിപ്പും മറ്റു കടത്തുകളും തടയാൻ നിലവിൽ സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാം; വിശദമാക്കാമോ;

(ഡി) ഇത് ഫലപ്രദമല്ലായെന്നതും അതിനാൽ കടത്ത് നിർബാധം തുടരുന്നു എന്നുള്ളതും ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കും; വിശദാംശം ലഭ്യമാക്കാമോ;

(ഇ) നിലവിൽ നികുതി വകുപ്പ് നിയോഗിച്ച സ്ക്വാഡിനെ റയിൽവേ അതിർത്തിയിൽ കടക്കാൻ അനുവദിക്കാത്ത എത്ര കേസ്സുകൾ നടപ്പുവർഷം നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എവിടെയെല്ലാം; വ്യക്തമാക്കാമോ;

(എഫ്) റയിൽവേ അധികാരികളുടെ പ്രസ്തുത പ്രവൃത്തികൾ നിയന്ത്രിക്കാനും സംസ്ഥാനത്തിനു ലഭിക്കേണ്ട നികുതി വരുമാനം പിരിച്ചെടുക്കുവാനും സർക്കാർ എന്തു നടപടി സ്വീകരിക്കും; വിശദമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>കൈനകരിമുട്ടേൽ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്</u>

5459 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കുട്ടനാട് നിയോജക മണ്ഡലത്തിലെ കൈനകരിമുട്ടേൽ പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടി ഫയൽ നമ്പർ സഹിതം വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി</u>

5460 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഫ്ളാറ്റ് നിർമ്മാണ രംഗത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേരള സ്റ്റേറ്റ് ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ പദ്ധതി</u>

5461 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള ഭവനരഹിതർ എത്രയാണെന്നുള്ളത് സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് ലഭ്യമാണോ; എങ്കിൽ ഭവനരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം; ഓരോ പദ്ധതിയിലും 2011-12, 2012-13, 2013-14 വർഷങ്ങളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വിശദമായി വ്യക്തമാക്കാമോ;

(സി) വിവിധ പദ്ധതികളിലും ഏജൻസികളിലുമായി എത്ര പേരുടെ അപേക്ഷകൾ ഭവനനിർമ്മാണ സഹായത്തിനായി ലഭിച്ചു എന്നും ഓരോ വർഷവും എത്ര പേർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകി എന്നതും 2011-12, 2012-13, 2013-14 എന്നിങ്ങനെ വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 2014-15 വർഷത്തിൽ ഭവന നിർമ്മാണ മേഖലയിൽ പ്രഖ്യാപിച്ച പദ്ധതികൾ എന്തെല്ലാം; ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര; സംസ്ഥാനത്ത് എത്ര പേർക്ക് ഭവന നിർമ്മാണത്തിന് സഹായം/ആനുകൂല്യം നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കാമോ;

(ഇ) ഭവനവായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കടഭാരം വന്ന് കഷ്ടപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ കടബാധ്യത ലഘൂകരിക്കുന്നതിന് സർക്കാർ മുന്നോട്ട് വയ്ക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(എഫ്) കെട്ടിട നിർമ്മാണ മേഖലയിലും ഭവന നിർമ്മാണ മേഖലയിലും ബഡ്ജറ്റിൽ പ്രഖ്യാപിച്ച നികുതി നിർദ്ദേശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ഭവന പദ്ധതികൾ</u>

5462 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ഭവന പദ്ധതിപ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് ഭവനനിർമ്മാണ വായ്പകളും സൗജന്യ വീടുകളും ഈ സർക്കാറിന്റെ കാലയളവിൽ നൽകിയെന്നും ഈ പദ്ധതികളിൽ എത്ര എണ്ണത്തിനാണ് കേന്ദ്ര സർക്കാർ സഹായം നൽകിയതെന്നും അറിയിക്കാമോ ;

(ബി) ഭവന രഹിതരായ ബി.പി.എൽ. കാർക്ക് സൗജന്യമായി വീടുനൽകാൻ ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഭവനനിർമ്മാണ പദ്ധതികളുടെ ഏകോപനം

5463 ശ്രീ. ജോസഫ് വാഴക്കൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സങ്കേതം ഭവന പദ്ധതി</u>

5464 ശ്രീ. ബെന്നി ബെഹനാൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സങ്കേതം ഭവനപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പാവപ്പെട്ടവർക്ക് തദ്ദേശസ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനുവേണ്ടി എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം ധനസഹായങ്ങളും സബ്സിഡികളുമാണ് ഉപഭോക്താക്കൾക്ക് പദ്ധതി വഴി നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഭവനപദ്ധതികൾക്ക് ഹൗസിംഗ് ബോർഡ് നൽകിയ ധനസഹായം

5465 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർധനജനവിഭാഗങ്ങൾക്കു ഭവനനിർമ്മാണത്തിനായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് എന്തെല്ലാം പദ്ധതികളാണു നടപ്പാക്കിയത്;

(ബി) ഓരോ പദ്ധതി പ്രകാരവും വിവിധ ജില്ലകളിൽ എത്ര ഗുണഭോക്താക്കൾക്കുവീതം ധനസഹായം നൽകുകയുണ്ടായി;

(സി) ഓരോ പദ്ധതിയിലുമുൾപ്പെടുത്തി ഒരു ഗുണഭോക്താവിന് എത്ര രൂപ വീതമാണു ധനസഹായം നൽകിയത്;

(ഡി) ഇതിൽ വായ്പ എത്ര വീതമാണെന്നും, വായ്പയുടെ പലിശനിരക്ക് എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

മൈത്രിഭവന പദ്ധതി

5466 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ബോർഡ് നടപ്പിലാക്കിയ മൈത്രിഭവന പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചവരുടെ ലോൺ കുടിശ്ശിക പൂർണ്ണമായും ലഭ്യമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കുടിശ്ശിക വരുത്തിയവരുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയനുസരിച്ച് ധനസഹായം ലഭിച്ചവരുടെ ലോൺ കുടിശ്ശിക എഴുതി തള്ളുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ലോൺ കുടിശ്ശിക എഴുതി തള്ളിയവരുടെ ആധാരം തിരികെ നല്കിയിട്ടുണ്ടോ;

(എഫ്) ലോൺ കുടിശ്ശിക എഴുതി തള്ളുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിൽ മൈത്രിഭവന പദ്ധതിപ്രകാരം അനുവദിച്ച തുക

5467 ശ്രീ.എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം മൈത്രീ ഭവന പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ എത്ര അപേക്ഷകർക്ക് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിപ്രകാരം ധനസഹായം ലഭിച്ചതിനുശേഷം കുടിശ്ശിക വരുത്തിയവരുടെ അപേക്ഷകളിന്മേൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽപ്പെട്ട എത്രപേരുടെ കടബാധ്യത സർക്കാർ എഴുതിത്തള്ളിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ലക്ഷം വീട് നവീകരണം

5468 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീട് പദ്ധതിപ്രകാരം സംസ്ഥാനത്ത് ആകെ എത്ര വീടുകൾ ആണ് നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) കാലപ്പഴക്കംചെന്ന വീടുകൾ പുതുക്കിപ്പണിയാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതനുസരിച്ച് എത്ര വീടുകൾ നവീകരിച്ചിട്ടുണ്ടെന്നും ആയതിനായി എത്ര തുക ചെലവാക്കിയെന്നും അറിയിക്കുമോ ;

(സി) ഇനിയെത്ര വീടുകൾ നവീകരിക്കാനുണ്ടെന്ന് കണക്ക് തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇവ നവീകരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അതിന് അനുവദിച്ച ഫണ്ട് എത്രയാണെന്നും അറിയിക്കാമോ ?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഭവന പദ്ധതികൾ

5469 ശ്രീ.സി.ദിവാകരൻ
'' ചിറ്റയം ഗോപകുമാർ
'' കെ.രാജു.
'' ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൻ ലക്ഷം വീട് പദ്ധതി, അത്താണി ഭവന പദ്ധതി, പ്രവാസി ഭവന പദ്ധതി എന്നീ പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതം വകയിരുത്തി; ഇതിനകം എത്ര തുക വീതം ചെലവഴിച്ചു;

(സി) പൂർത്തിയാകാത്ത പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രം

T.5470 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രം കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ പേര്, ആരംഭിച്ച തീയതി, പൂർത്തീകരിച്ച തീയതി, എസ്റ്റിമേറ്റ് തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ?